കേരള പബ്ലിക് സർവീസ് കമ്മീഷൻ
ജില്ലാ ആഫീസ്, പാലക്കാട്

സാദ്ധ്യതാപട്ടിക നമ്പർ: **4/2008**/പി.കെ.ഡി പാലക്കാട്
കാറ്റഗറി നമ്പർ: 80/2006 20/10/2008

## വിജ്ഞാപനം

പാലക്കാട് ജില്ലയിൽ വിവിധ വകുപ്പുകളിൽ 2610-3680 (പ്രീ റിവിഷൻ) രൂപാ ശമ്പള നിരക്കിൽ **'ആയ'** തസ്തികയിലേക്ക് **(കാറ്റഗറി നമ്പർ: 80/2006)** ഉള്ള തെരഞ്ഞെടുപ്പിനായി 31.05.07 ാം തീയതിയിൽ നടത്തിയ ഉദ്ദേശ്യാധിഷ്ഠിത(ഒ.എം.ആർ മൂല്യനിർണ്ണയം) പൊതുപരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക്പട്ടികയിൽ ഉൾപ്പെടുത്തുവാൻ സോപാധികമായി അർഹരാണെന്നു കണ്ട ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ ചുവടെ ചേർത്തിരിക്കുന്നു. ഈ രജിസ്റ്റർ നമ്പരുകൾ അവയുടെ സംഖ്യാക്രമത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുതപരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

റാങ്ക് പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനു മുൻപായി ഈ പട്ടികയിലുൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ ജനനതീയതി, സമുദായം, യോഗ്യത തുടങ്ങിയവ തെളിയിക്കുന്ന പ്രമാണങ്ങളുടെ അസ്സൽ പരിശോധിക്കുന്നതാണ്.

പരീക്ഷയിൽ 80(എൺപത്)ഉം അതിൽ കൂടുതലും മാർക്ക് ലഭിച്ച ഉദ്യോഗാർത്ഥികളെയാണ് ഈ സാധ്യതാ പട്ടികയുടെ മുഖ്യ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ അടിസ്ഥാന മാർക്കിൽ ആവശ്യമായ ഇളവുകൾ വരുത്തി ഉപപട്ടികകൾ തയ്യാറാക്കിയിരിക്കുന്നു.

രജിസ്റ്റർ നമ്പറുകൾക്കു മുൻപായി പാലക്കാട് ജില്ലയെ സൂചിപ്പിക്കുന്ന "പി" എന്ന അക്ഷരം ചേർത്തു വായിക്കേണ്ടതാണ്.

### മുഖ്യപട്ടിക

100002 100003 100064 100112 100283

100358 100467 100605 100638 100835

## ഉപപട്ടികകൾ

### 1 ഈഴവ

100415 100437 100540 100544 100652 100745

### 2. പട്ടികജാതി

100060 100076 100753 100810

### 3. പട്ടികവർഗ്ഗം

100133 100264

4. മുസ്ലീം

100038 100455 100505 100591 100749

5. ലത്തീൻ കത്തോലിക്ക്

100434

6. മറ്റു പിന്നോക്ക വിഭാഗം

100263 100502 100736 100782

7. വിശ്വകർമ്മ

100380

8. എസ്.ഐ.യു.സി. നാടാർ/ആംഗ്ലോ ഇൻഡ്യൻ

ഇല്ല

9. മറ്റു ക്രിസ്ത്യാനികൾ

ഇല്ല

10. ധീവര

ഇല്ല

**കുറിപ്പ് 1**: അപേക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്കും, നിരുപാധിക സ്വീകാര്യതയ്ക്കും വിധേയമായി, തീർത്തും സോപാധികമായാണ് രജിസ്റ്റർ നമ്പറുകൾ ഈ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സാദ്ധ്യതാപട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടുവെന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥിയ്ക്ക് പ്രദാനം ചെയ്യുന്നില്ല.

**കുറിപ്പ് 2**: അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് സാദ്ധ്യതാപട്ടിക തയ്യാറാക്കിയിട്ടുള്ളത്. അതിനുശേഷമുള്ള അവകാശ വാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല.

**കുറിപ്പ് 3**: സാദ്ധ്യതാപട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ അപേക്ഷയിൽ അവകാശപ്പെട്ടിരുന്ന കാര്യങ്ങൾ – അതായത് യോഗ്യത, ജനനത്തീയതി, ജാതി എന്നിവയും, മറ്റ് ആനുകൂല്യങ്ങൾ അവകാശപ്പെട്ടിരുന്നെങ്കിൽ അതും– തെളിയിക്കുന്നതിനാവശ്യമായ അസ്സൽ പ്രമാണങ്ങളുടെ പരിശോധനക്കായി പാലക്കാട് സിവിൽ സ്റ്റേഷനിലുള്ള ജില്ലാ പി.എസ്.സി.ഓഫീസിൽ 31.10.08 രാവിലെ 10 മണിക്ക് പ്രമാണങ്ങളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പുകൾ സഹിതം നേരിട്ട് ഹാജരാകേണ്ടതാണ്. പ്രമാണങ്ങളുടെ പരിശോധനയ്ക്ക് നേരിൽ ഹാജരാകാത്ത ഉദ്യോഗാർത്ഥികളുടെ പേരുകൾ റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുന്നതല്ല.

സാധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ അസാധുവാക്കപ്പെട്ട ഉത്തരക്കടലാസിന്റെ രജിസ്റ്റർ നമ്പറും, കാരണവും വ്യക്തമാക്കുന്ന 12.02.08 തീയതിയിലെ ERII/2585/07/Ayah/Var/EW നമ്പർ വിജ്ഞാപനം കൂടി കാണുക

സംവരണാനുകൂല്യത്തിനായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ തഹസിൽദാരിൽ നിന്നും 22.03.05 ന് ശേഷം ലഭിച്ച ജാതി സർട്ടിഫിക്കറ്റും, 2 ശരിപ്പകർപ്പുകളും, മറ്റു പിന്നോക്ക സമുദായാംഗങ്ങൾ 25.08.2007 ലെ ജി.ഒ(പി)നം.46/2007/എസ്.സി/എസ്.റ്റി/ഡി.ഡി പ്രകാരമുള്ള നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റും, ശരിപ്പകർപ്പും ഹാജരാക്കേണ്ടതാണ്. ആയത് ഹാജരാക്കുന്നതിൽ വീഴ്ച വരുത്തുന്ന, മുഖ്യപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളെ സാമുദായിക സംവരണത്തിന് അർഹമല്ലാത്ത 'ഓപ്പൺ കോമ്പറ്റീഷൻ' ഉദ്യോഗാർത്ഥികളായി പരിഗണിക്കുന്നതാണ്. ഉപ പട്ടികകളിൽ ഉൾപ്പെട്ടിട്ടുള്ള ഇത്തരം ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ ഇനിയൊരറിയിപ്പു കൂടാതെ തന്നെ ഈ പട്ടികയിൽനിന്ന് നീക്കം ചെയ്യുന്നതുമാണ്.

വിമുക്തഭടൻമാർ, കായികതാരങ്ങൾ, അംഗവൈകല്യം സംഭവിച്ചവർ എന്നീ വിഭാഗത്തിൽപ്പെട്ടവർ അവർക്കായുള്ള പ്രത്യേക ആനുകൂല്യങ്ങൾ അപേക്ഷയിൽ അവകാശപ്പെട്ടിട്ടുണ്ടെങ്കിൽ ആയവ തെളിയിക്കുന്നതിനുള്ള അസ്സൽരേഖകളും പകർപ്പുകളും ഹാജരാക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ നേരിട്ടല്ലാതെ ഹാജരാക്കുന്ന രേഖകൾ സ്വീകരിക്കുന്നതല്ല.

സമയബന്ധിതമായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതിനാൽ അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കുന്നതിന് കൂടുതൽ സമയം അനുവദിക്കുകയോ വീണ്ടും ഒരവസരം നൽകുകയോ ചെയ്യുന്നതല്ല. ആകയാൽ അവസരം നഷ്ടപ്പെടാതിരിക്കാൻ ഉദ്യോഗാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതിന് ഉദ്യോഗാർത്ഥികൾ പ്രമാണങ്ങളുടെ പരിശോധനയ്ക്ക് കൃത്യസമയത്ത് സ്വന്തം ചെലവിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

## ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ട പ്രമാണങ്ങൾ

| | | |
|---|---|---|
| 1) | ജനനതീയതി, വയസ്സ്, വിദ്യാഭ്യാസ യോഗ്യത | : ബന്ധപ്പെട്ട സ്കൂൾ രേഖകളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും (എസ്.എസ്.എൽ.സി./സ്കൂൾ അഡ്മിഷൻ രജിസ്റ്റർ/വിടുതൽ സർട്ടിഫിക്കറ്റ്) |
| 2) | ജാതി, സമുദായം (സംവരണാനുകൂല്യത്തിന്) | : ജാതി സർട്ടിഫിക്കറ്റ്/നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് (അസ്സലും, പകർപ്പും.) |
| 3) | കായികതാരങ്ങൾ | : സ്പോർട്ട്സ് കൗൺസിൽ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റും പകർപ്പുകളും |

| | | |
|---|---|---|
| 4) സർവീസിലുള്ള ഉദ്യോഗാർത്ഥികൾ: | : | ബന്ധപ്പെട്ട വകുപ്പ് മേധാവിയിൽ നിന്നോ ആഫീസ് മേധാവിയിൽ നിന്നോ ലഭിച്ച രസീത്/ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (ഒറിജിനൽ) |
| 7) പേര്, ജനനത്തീയതി, ഒപ്പ് എന്നിവയിൽ വ്യത്യാസം: | : | പേര്, ജനനതീയതി, ഒപ്പ്, എന്നിവയിൽ വ്യത്യാസം വരുത്തിയിട്ടുള്ള ഉദ്യോഗാർത്ഥികൾ ആയവ തെളിയിക്കുന്നതിനാവശ്യമായ ഗസറ്റ് വിജ്ഞാപനവും പകർപ്പും |
| 8) നേറ്റിവിറ്റി സർട്ടിഫിക്കറ്റ് | : | സാധ്യതാ ലിസ്റ്റിൽ ഉൾപ്പെട്ട പാലക്കാട് ജില്ലയിലെ ഉദ്യോഗാർത്ഥികൾ അവർ പാലക്കാട് ജില്ലയിലുള്ള ആളാണെന്ന് കാണിക്കുന്ന GO (Rt) No.1553/08/RD dated 6.6.08 ഗവൺമെൻറ് ഉത്തരവനുസരിച്ചുള്ള നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജ് ആഫീസറിൽ താഴെ അല്ലാത്ത റവന്യൂ അധികാരിയിൽ നിന്നും ലഭിച്ചത് ഹാജരാക്കേണ്ടതാണ്. |

മുകളിൽ പറയും പ്രകാരമുള്ള സർട്ടിഫിക്കറ്റുകളും രേഖകളും വെരിഫിക്കേഷൻ സമയത്തിനുശേഷം ഹാജരാക്കാൻ അവസരം നൽകുന്നതല്ല.

കെ.പി.എസ്.സി ജില്ലാ ഓഫീസ്,
പാലക്കാട്.

കമ്മീഷന്റെ ഉത്തരവനുസരിച്ച്,

ലളിത കെ,
ജില്ലാ ഓഫീസർ,
കെ.പി.എസ്.സി ജില്ലാ ഓഫീസ്,
പാലക്കാട്.

വിതരണാനുമതി നൽകുന്നു

സെക്ഷൻ ഓഫീസർ.